## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3033      13.03.2018-ൽ മറുപടിയ്ക്ക്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പ്രവർത്തിക്കുന്ന ഖാദി ഗ്രാമ വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം<br>ശ്രീ.വി.ടി.ബൽറാം | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതിയിൽ അനുവദനീയമായ സബ്സിഡി നിരക്കുകളും, അനുബന്ധ വിഷയങ്ങളും വിശദീകരിച്ചുകൊണ്ട് 3.04.2017 ൽ പുറത്തിറക്കിയ മാർഗ്ഗരേഖ പ്രകാരം, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പ്രവർത്തിക്കുന്ന ഖാദി ഗ്രാമ വ്യവസായ സ്ഥാപനങ്ങൾക്ക് നൽകാവുന്ന ധനസഹായങ്ങൾ ഖാദി ബോർഡ് സെക്രട്ടറി രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾക്കും, ഖാദി ബോർഡ് നേരിട്ട് നടത്തുന്ന യൂണിറ്റുകൾക്കും മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇല്ല. ഖാദി ഗ്രാമവ്യവസായ കമ്മീഷനും ഖാദിഗ്രാമവ്യവസായ ബോർഡും നടത്തുന്ന ഉല്പാദന യൂണിറ്റുകൾക്ക് തറിയും മറ്റ് ഉപകരണങ്ങളും വാങ്ങി നൽകുന്നതിനും, ഖാദി ഉല്പന്നങ്ങളുടെയും പച്ചക്കറി ഉൾപ്പെടെയുള്ള പ്രാദേശിക ഉല്പന്നങ്ങളുടെയും സംയുക്ത വിപണനശാലകൾ നിർമ്മിക്കുന്നതിന് തുക വകയിരുത്തി പ്രോജക്ട് വയ്ക്കാവുന്നതാണ്. കൂടാതെ സഹകരണസംഘ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾക്കും ആനുകൂല്യം നൽകാൻ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അപ്രകാരം പരിമിതപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഖാദി മേഖലയിൽ ധർമ്മസ്ഥാപന ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തി 3.4.2017 ലെ ഉത്തരവിലെ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ